ഉത്തരം

(എ&ബി) കുന്ദമംഗലം പഞ്ചായത്ത്

1. പുല്ലൻകോട്ട് മല.

2. കരിയാറ്റിൻകടവ്

3. വളപ്പാറ കുന്ന്

4. കടത്താലുമ്മൽ

മുക്കം പഞ്ചായത്ത്

പാലകുളങ്ങര

മാവൂർ പഞ്ചായത്ത്

പെരിയങ്ങാട്ടു തടായി

(സി&ഡി) കുന്ദമംഗലം, മുക്കം പഞ്ചായത്തിനു കീഴിലുള്ള പദ്ധതികൾ, സാധനസാമഗ്രികളുടെ ലഭ്യതയ്ക്കനുസരിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മാവൂർ പഞ്ചായത്തിനു കീഴിലുള്ള പദ്ധതിയ്ക്ക്, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷിക്കുന്ന മുറയ്ക്കും, സാധനസാമഗ്രികളുടെ ലഭ്യതയ്ക്കനുസരിച്ചും കണക്ഷൻ നൽകുന്നതാണ്.

പാത്രക്കടവ് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

9 (1676) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പാത്രക്കടവ് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ 5 വർഷം വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുമ്പ് കേന്ദ്രവനം-പരിസ്ഥിതി വകുപ്പിന്റെ അനുമതികൾ ലഭിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly